**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 705** **02-02-2023 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി ക്ഷാമം പരിഹരിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.കെ. രാമചന്ദ്രൻ** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സ്ട്രീറ്റ് ലൈൻ കൂടുതലായി വലിക്കുന്നതിനും വൈദ്യുതി എത്താത്ത പ്രദേശത്ത് വൈദ്യുതി എത്തിക്കുവാൻ പോസ്റ്റുകൾ സ്ഥാപിച്ച് വൈദ്യുതി ലൈൻ വലിക്കുന്നതിനും കണക്ഷൻ കൂടുതലായുള്ള പ്രദേശങ്ങളിലെ വോൾട്ടേജ് ക്ഷാമം ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും വൈദ്യുതി വകുപ്പ് നടപടി സ്വീകരിക്കുമോ; അറിയിക്കുമോ; | (എ) | നിലവിലുള്ള ഗവൺമെൻറ് ഉത്തരവ് പ്രകാരം സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനും അവ പരിപാലിക്കുന്നതിനുമുള്ള ഉത്തരവാദിത്തം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്. സാധാരണഗതിയിൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട്, എം.പി /എം.എൽ.എ. ഫണ്ട് തുടങ്ങിയവ ഉപയോഗിച്ച് സ്ട്രീറ്റ് ലൈൻ നിർമ്മിക്കുന്നതിനു ലഭിക്കുന്ന അപേക്ഷയിന്മേൽ കെ.എസ്.ഇ.ബി.എൽ. എസ്റ്റിമേറ്റ് എടുക്കുകയും ആവശ്യമായ തുക കെ.എസ്.ഇ.ബി.എൽ.-നു ലഭ്യമാക്കുന്ന മുറയ്ക്ക് കെ.എസ്.ഇ.ബി.എൽ. സ്ട്രീറ്റ് ലൈൻ പ്രവൃത്തികൾ നടപ്പിലാക്കുകയുമാണ് ചെയ്യുന്നത്.<br><br>സമ്പൂർണവൈദ്യുതീകരണ പദ്ധതിയുടെ പൂർത്തീകരണത്തിനു ശേഷം പുതിയ കണക്ഷനുകൾ സൗജന്യമായി നൽകുവാൻ മറ്റു പദ്ധതികൾ നിലവിൽ ഇല്ലാത്തതിനാൽ 1000w വരെ കണക്റ്റഡ് ലോഡുള്ള BPL കുടുംബങ്ങൾക്ക്, പോസ്റ്റ് ആവശ്യം ഇല്ലാത്ത എല്ലാ കണക്ഷനുകളും 250 മീറ്റർ വരെ ലൈൻ വലിക്കേണ്ടുന്ന പോസ്റ്റ് ആവശ്യമുള്ള കണക്ഷനുകളും സൗജന്യമായി കെ.എസ്.ഇ. ബി.എൽ.-ന്റെ തനതു ഫണ്ടുപയോഗിച്ച് നൽകി വരുന്നു.<br><br>2022-23 മുതൽ 2026-27 വരെ നടപ്പിലാക്കുന്ന കെ.എസ്.ഇ.ബി.എൽ.-ന്റെ പദ്ധതിയായ ദ്യുതി 2, കേന്ദ്രാവിഷ്കൃത പദ്ധതിയായ RDSS എന്നിവയിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായുള്ള പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ട് .<br><br>കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട്, എം. പി /എം. എൽ. എ എന്നിവരുടെ ആസ്തി വികസന ഫണ്ട് എന്നിവ കെ.എസ്.ഇ.ബി.എൽ.-നു |

| | | | |
|---|---|---|---|
| | | | ലഭ്യമാക്കുമ്പോൾ അവ ഉപയോഗിച്ചും പുതിയ ലൈൻ നിർമ്മിക്കുന്നതും/ശേഷി കൂട്ടുന്നതുമായ പ്രവൃത്തികൾ/ വൈദ്യുതീകരണ പ്രവൃത്തികൾ തുടങ്ങിയവ കെ.എസ്.ഇ.ബി.എൽ. നടപ്പിലാക്കി വരുന്നു. |
| (ബി) | ഇത്തരം ജനകീയാവശ്യങ്ങൾ നിർവ്വഹിക്കുന്നതിനാവശ്യമായ ഫണ്ട് നീക്കി വയ്ക്കുന്നതിനും ആവശ്യമായ ക്രമീകരണങ്ങൾ ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | (ബി) | മേൽ സൂചിപ്പിച്ച സൗജന്യ കണക്ഷൻ അനുവദിക്കുന്നതിനായി, 2022-23 മുതൽ 2026-27 കാലയളവിലേക്കായി കെ.എസ്.ഇ.ബി.എൽ. 100 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനുൾപ്പെടെ, 2022-23 മുതൽ 2026-27 കാലയളവിൽ നടപ്പിലാക്കാനായി 4016 കോടി രൂപയുടെ പ്രവൃത്തികളാണ് ദ്യുതി 2 പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ